# GOVT. L.P.SCHOOL ARUNAPURAM

GOVT. L. P. SCHOOL
ARUNAPURAM, PALA
ESTD 1916



# ACADEMIC MASTER PLAN

## 2025-2026

പാലാ നഗരസഭ

# ഗവ. എൽ. പി. സ്കൂൾ

## അരുണാപുരം

### പ്രീ–പ്രൈമറി (LKG/UKG), ക്ലാസ് 1,2,3,4

---

വിദ്യാഭ്യാസ ഉപജില്ല : പാലാ
താലൂക്ക് : മീനച്ചിൽ

വിദ്യാഭ്യാസ ഉപജില്ല : പാലാ
ജില്ല : കോട്ടയം

| | |
|---|---|
| സ്കൂളിന്റെ പേര് | ഗവ.എൽ.പി സ്കൂൾ അരുണാപുരം |
| യു ഡൈസ് കോഡ് | 3210100513 |
| സ്കൂൾ കോഡ് | 31547 |
| സ്ഥാപിതം | 1916 മെയ് 22 (09.10.1091) |
| തദ്ദേശസ്വയംഭരണസ്ഥാപനം | പാലാ നഗരസഭ |
| വാർഡ് | 23 |
| ബി.ആർ.സി | പാലാ |
| ഉപജില്ല | പാലാ |
| വിദ്യാഭ്യാസജില്ല | പാലാ |
| വില്ലേജ് | പുലിയന്നൂർ |
| താലൂക്ക് | മീനച്ചിൽ |
| ബ്ലോക്ക് | ളാലം |
| റവന്യൂ ജില്ല | കോട്ടയം |
| മേൽവിലാസം | അരുണാപുരം പി.ഒ, പിൻ -686574 |
| ഇ-മെയിൽ | govt.lpsarunapuram@gmail.com |
| ഫേസ്ബുക്ക് | arunapuramglps pala |
| ഹെഡ്മിസ്ട്രസ് | ബിന്ദു സൂസൻ ജേക്കബ് -9496990177 |
| സീനിയർ അസിസ്റ്റന്റ് | ഷൈനി തോമസ് - 9446587135 |
| എസ്.ആർ.ജി കൺവീനർ | ജെർലിൻ ജോസ് - 9539377551 |
| വിദ്യാരംഗം കൺവീനർ | വർഷ കെ.വി - 8078527350 |
| പി.റ്റി.എ പ്രസിഡന്റ് | അലക്സ് ജോസ് - 9447420999 |
| പ്രീ-പ്രൈമറി ടീച്ചർ | ലേഖ ഡി നായർ - 8921288657 |
| കുക്ക് | ശാന്ത ദേവകുമാർ - 9562119093 |
| പി.റ്റി.സി.എം. | ഏലിയാമ്മ സി. - 9400051655 |

# ആമുഖം

പാലാ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൂന്ന് ഗവ.എൽ.പി സ്കൂളുകളിൽ ഒന്നാണ് ഗവ.എൽ.പി സ്കൂൾ അരുണാപുരം. നഗരസഭയിലെ 23-ാം വാർഡിൽ ഉയർന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം **'പൂതക്കുന്ന് സ്കൂൾ'** എന്നറിയപ്പെടുന്നു. 1916 -ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ ആരംഭത്തിൽ 2-ാം ക്ലാസ്സ് വരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ഈ സ്ഥാപനം ശ്രീരാമകൃഷ്ണാശ്രമത്തിന് കൈമാറി. തുടർന്ന് 4 ക്ലാസ്സുകൾ ഉള്ള സ്കൂളായി ഉയർത്തപ്പെട്ടു. കാലക്രമത്തിൽ സർക്കാരിന് കൈമാറി.

വിവിധ രംഗങ്ങളിൽ പ്രഗത്ഭരായ അനേകം ആളുകളെ നാടിന് സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. സഗരസഭയുടെയും സുമനസ്സുകളുടെയും സഹകരണത്തോടെ കുറേയധികം വികസന പ്രവർത്തനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ വിദ്യാലയത്തിൽ നടത്തപ്പെട്ടിട്ടുണ്ട്.

സ്കൂളിന് സ്വന്തമായി 1 ഏക്കർ 2 സെന്റ് സ്ഥലമുണ്ട്. 2016 - ൽ സ്കൂളിന്റെ ശതാബ്ദി ആകർഷകമായ രീതിയിൽ ആഘോഷിച്ചു. കഴിഞ്ഞ അധ്യയനവർഷം ഉപജില്ലാതലത്തിൽ നടന്ന എല്ലാ മത്സരങ്ങളിലും മേളകളിലും കുട്ടികൾ സജീവമായി പങ്കെടുത്തു.

## പ്രധാന പ്രതിസന്ധികളും പരിമിതികളും

നിൽനിൽപ്പിന് ഭീഷണി നേരിടുന്ന ഒരു വിദ്യാലയമാണിത്. ഒരു കിലോമീറ്ററിനുള്ളിൽ തന്നെ വേറൊരു സർക്കാർ എൽ. പി. സ്കൂൾ കുറച്ചുകൂടി യാത്രാസൗകര്യത്തോടെ പ്രവർത്തിക്കുന്നു. മറ്റ് വിദ്യാലയങ്ങളിലേയ്ക്കുള്ള സ്കൂൾ വാഹനങ്ങൾ സുലഭമായതിനാൽ കുട്ടികൾ ഇവിടേയ്ക്ക് വരാൻ മടിക്കുന്നു. ഉയർന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്നത് കുട്ടികളുടെ എണ്ണം കുറയാൻ ഒരു കാരണമാണ്. സാമ്പത്തികമായി വളരെ മുമ്പിൽ നിൽക്കുന്ന ഒരു വിഭാഗം ആളുകൾക്ക് സർക്കാർ സ്കൂളിൽ കുട്ടികളെ ചേർക്കാൻ താൽപര്യപ്പെടുന്നവരാണ് മഹാഭൂരിപക്ഷം ആളുകളും. 1 ഏക്കർ സ്ഥലം സ്കൂളിന് സ്വന്തമായുള്ളത് നല്ല കാര്യമാണെങ്കിലും. ഉയർന്ന കുന്നുംപുറമായതിനാൽ ഈ സ്ഥലത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ആകർഷകമായ രീതിയിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലത്തെ പുനർനിർമ്മിക്കേണ്ടതുണ്ട്.

# വിദ്യാലയം മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ

- ഒന്നുമുതൽ നാലുവരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി പ്രതീക്ഷിതനിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ഒപ്പം, മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിക്കാനാവശ്യമായ മൂല്യബോധം സൃഷ്ടിക്കപ്പെടും.
- എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക. സ്വന്തം കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കാനും പരിമിതികൾ മറികട ക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- മികച്ച ശാരീരിക - മാനസിക - വൈകാരിക - ആരോഗ്യം ഉറപ്പാക്കും.
- മാതൃഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് ഭാഷയിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ രീതിശാസ്ത്രം വികസിപ്പിക്കുക.
- ആരോഗ്യകരമായ സ്ത്രീപുരുഷബന്ധത്തെക്കുറിച്ചും തുല്യതയെക്കുറിച്ചും ലിംഗ സമത്വത്തെക്കുറിച്ചുമുള്ള കാഴ്ച്ചപ്പാട് സ്കൂൾ ഘട്ടത്തിൽ തന്നെ കുട്ടികൾക്കുണ്ടാക്കാനാവശ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- വിദ്യാലയപ്രവർത്തനങ്ങൾക്കു പിന്തുണയും ശ്രദ്ധയുമുറപ്പാക്കാൻ ജനകീയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.
- സംഘപഠനമുൾപ്പെടെയുള്ള വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ആർജിക്കുന്ന അറിവുകളെയും കഴിവുകളെയും വ്യക്തിഗതമായി വിലയിരുത്തുന്ന രീതി അവലംബിക്കുക.
- തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയപ്രക്രിയ വിലയിരുത്തലിന്റെ അവിഭാജ്യ ഭാഗമാക്കി മാറ്റുക.
- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസരസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമാക്കി വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി സ്കൂൾ ക്യാമ്പസ് ജൈവവൈവിധ്യഉദ്യാനമാക്കി മാറ്റുക.
- പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യ നിർമ്മാർജ്ജന അവബോധം, വിമർശന അവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
- എല്ലാ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
- കുട്ടികളുടെ വിലയിരുത്തൽ പോർട്ടലിൽ രേഖപ്പെടുത്തുക.

## പൊതുലക്ഷ്യങ്ങൾ

**സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസത്തിലൂടെ സാർത്ഥകമാക്കാൻ ഉദ്ദേശിക്കുന്ന പൊതുവായ കാര്യങ്ങൾ - പൊതുലക്ഷ്യങ്ങൾ**

- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.
- പ്രീ-പ്രൈമറി മുതൽ 4-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുസൃതമായ നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

a) **കുട്ടികളുടെ എണ്ണത്തിൽ ഘട്ടം ഘട്ടമുള്ള വർദ്ധനവ് ലക്ഷ്യമിടുന്നു.**
5 വർഷം കൊണ്ട് കുട്ടികളുടെ എണ്ണം 100 നു മുകളിൽ എത്തുക എന്നത് വിദ്യാലയത്തിന്റെ സ്വപ്നപദ്ധതിയാണ്. (ദീർഘകാല പദ്ധതി)
ചുമതല-പി.റ്റി.എ, എസ്.എം.സി.

b) **ശിശുസൗഹൃദ വിദ്യാലയം**

സുംബ, യോഗ, കരാട്ടെ, എയറോബിക്സ്, കായിക പരിശീലം, പ്രവർത്തി പരിചയം, സംഗീതം, നാടകം, നൃത്തം, ചിത്രരചന, നീന്തൽ എന്നിവയിൽ നഗരസഭയുടെ പദ്ധതിയിൽപെടുത്തി പരിശീലനം നൽകുക. ഇതിനുള്ള അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുക. വിദ്യാഭ്യാസ വകുപ്പ്, നഗരസഭ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ (ദീർഘകാല പദ്ധതി)

ചുമതല- നഗരസഭ, പി.റ്റി.എ

c) **ഹൈടെക് വിദ്യാലയം**

എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ് റൂമുകളാക്കുകയും ഒപ്പം ലാപ്ടോപ്പുകൾ ലഭ്യമാക്കുകയും ചെയ്യുക.

ചുമതല - നഗരസഭ, വിദ്യാഭ്യാസ വകുപ്പ്

d) **പ്രകൃതി സൗഹൃദ അന്തരീക്ഷം**

മേഖല : ഭൗതികം

സ്കൂൾ കോമ്പൗണ്ട് വെട്ടിതെളിച്ച് കൃഷിയോഗ്യമാക്കുക. അപൂർവ്വ സസ്യങ്ങൾ സംരക്ഷിക്കുക, ശലഭത്തോട്ടം, ഫലവൃക്ഷത്തോട്ടം, പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ഔഷധസസ്യത്തോട്ടം, കരനെൽ എന്നിവയെല്ലാം ചേർന്ന് ജൈവ വൈവിധ്യ ഉദ്യാനം സജ്ജമാക്കുക. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ജൈവവളവും ബയോഗ്യാസും ഉൽപ്പാദിപ്പിച്ച് കൃഷിക്കും പാചകത്തിനും ഉപയോഗിക്കുക (ദീർഘകാല പദ്ധതി)

ചുമതല - നഗരസഭ, പി.റ്റി.എ.

e) **ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക**

ഉയർന്ന നിലവാരമുള്ള സൗകര്യങ്ങൾ ലഭ്യമായ വിദ്യാലയമാക്കി മാറ്റുക. പുതിയ സ്കൂൾ കെട്ടിടം പണിയുക. എൽ.കെ.ജി, യു.കെ.ജി. ക്ലാസ്സ് 1, 2, 3, 4 ക്ലാസ് റൂമുകൾ, ഓഫീസ് റൂം, മൾട്ടിമീഡിയ റൂം, ആർട്ട്സ് റൂം, വർക്ക്സ് എക്സ്പീരിയൻസ് റൂം, ലൈബ്രറി, ലാബ്, അടുക്കള, ഡൈനിംഗ് റൂം, സ്റ്റോർ, മഴവെള്ള സംഭരണി, വാഷിംഗ് ഏരിയ, ടോയ്ലറ്റുകൾ എന്നിവ നിർമ്മിക്കുക. (ദീർഘകാല പദ്ധതി)

ചുമതല - നഗരസഭ, പി.റ്റി.എ.

f) **അക്കാദമിക നിലവാരം ഉയർത്തുക**

പിന്നോക്കം നിൽക്കുന്ന വിഷയങ്ങളിൽ രാവിലെയും വൈകുന്നേരവും പരിഹാരബോധന പ്രവർത്തനങ്ങൾ മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നിവയിൽ പ്രത്യേക പരിശീലനം. പ്രഗത്ഭരമായ റിട്ടയേർഡ് അദ്ധ്യാപകരുടെ സഹായത്താൽവിവിധ വിഷയങ്ങളിൽ പരിശീലനം നൽകുക.

(ദീർഘകാല പദ്ധതി)

ചുമതല - എസ്.ആർ.ജി.

g) **പി.റ്റി.എ.യും എസ്.എം.സി.യും.**

മേഖല - സാമൂഹികം

പി.റ്റി.എ., ക്ലാസ്സ് പി.റ്റി.എ., എം.പി.റ്റി.എ, എസ്.എം.സി., എസ്.എസ്.ജി എന്നിവ സജീമാക്കുക. സ്കൂൾ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുക (ദീർഘകാല പദ്ധതി)

ചുമതല -പി.റ്റി.എ

h) **ലൈബ്രറി**

മേഖല : അക്കാദമികം

കുട്ടികളിൽ വായനശീലം വളർത്താൻ ലൈബ്രറി പ്രവർത്തനങ്ങളിൽ മാതാപിതാക്കൾക്കും പങ്ക് ഉളവാക്കുക. ലൈബ്രറിയിൽ നിന്ന് കുട്ടികൾക്കൊപ്പം മാതാപിതാക്കൾക്കും പുസ്തകങ്ങൾ എടുത്ത് വായിക്കുന്ന ശീലം ഉണ്ടാക്കുക. മാതാപിതാക്കൾക്കും വായനാക്കുറിപ്പ് മത്സരങ്ങളും രചന മത്സരങ്ങളും നടത്തുക (മധ്യമകാലപദ്ധതി)

ചുമതല - എസ്.ആർ.ജി. & പി.റ്റി.എ.

i) **ദിനാചരണങ്ങൾ**

മേഖല : സാമൂഹികം

പ്രധാന ദിനാചരണങ്ങൾ പൊതുജനപങ്കാളിത്തത്തോടെ നടത്തുക. പ്രവേശനോത്സവം, വായനാദിനം, സ്വാതന്ത്ര്യദിനം, കർഷകദിനം, ഓണം, അദ്ധ്യാപകദിനം, വയോജനദിനം, ശിശുദിനം, ഗാന്ധിജയന്തി, ക്രിസ്മസ്, റിപ്പബ്ലിക് ദിനം എന്നിവ പൊതുപരിപാടികളായി നടത്തുക. മറ്റു ദിനചരണങ്ങളും അക്കാദമിക പ്രവർത്തനങ്ങളോട് ചേർന്ന് നടത്തുക (മധ്യമകാല പദ്ധതി)

ചുമതല - എസ്.ആർ.ജി.

ദിനാചരണ കലണ്ടർ - അനുബന്ധം - 4

j) **വാർഷികാഘോഷം**

മേഖല : സാമൂഹികം

വാർഷികാഘോഷം നാടിന്റെ ഉത്സവമാക്കി മാറ്റുക. പൂർവ വിദ്യാർത്ഥികൾക്കും പൂർവ്വ അദ്ധ്യാപകർക്കും ഒത്തുചേരുന്നതിനുള്ള അവസരമാക്കുക. (ഹ്രസ്വകാല പദ്ധതി).

ചുമതല - പി.റ്റി.എ.

k) **നാടിനൊപ്പം സ്കൂളും**

മേഖല - സാമൂഹികം

നാട്ടിലെ പൊതുപരിപാടികളും ഉത്സവങ്ങളുമായി സ്കൂൾ സഹകരിച്ച് പ്രവർത്തിക്കുക. നഗരസഭയുമായി എല്ലാ കാര്യങ്ങളിലും സഹകരിച്ച് പ്രവർത്തിക്കുക. നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി സ്കൂളും ഭൗതിക സൗകര്യങ്ങളും നാട്ടിലെ പൊതുപരിപാടികൾക്കുള്ള വേദിയാക്കുക. തൊട്ടടുത്തുള്ള പൊതു സ്ഥാപനങ്ങളുമായി നല്ല സഹകരണ ബന്ധം സ്ഥാപിക്കുക. സെന്റ് തോമസ്, അൽഫോൻസാ കോളേജുകൾ, ബ്രില്ല്യന്റ് സ്റ്റഡി സെന്റർ, മരിയൻ മെഡിക്കൽ സെന്റർ, ശ്രീരാമകൃഷ്ണമഠം, അരുണാപുരം പള്ളി എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുക. (ദീർഘകാല പദ്ധതി)

ചുമതല - പി.റ്റി.എ / എസ്.എം.സി.

l) **പഠനോത്സവം**

കുട്ടികളുടെ മികവിന്റെ പ്രകടനവേദിയായി പഠനോത്സവം മാറ്റുക.

ചുമതല - പി.റ്റി.എ., എസ്.എം.സി, എസ്.ആർ.ജി.

m) **അവധിക്കാലപരിശീലന പരിപാടികൾ**

* **ശില്പശാലകളും സഹവാസ ക്യാമ്പുകളും**

മേഖല : അക്കാദമികം

ഓണം, ക്രിസ്മസ് അവധിക്കാലങ്ങളിൽ രണ്ട് മൂന്ന് ദിവസത്തെ ക്യാമ്പുകൾ മധ്യവേനലവധിക്കാലത്ത് 5/10 കുട്ടികളുടെ ദിവസത്തെ ക്യാമ്പ്, മാതൃഭാഷ, ഇംഗ്ലീഷ്, പരിസരപഠനം, ഗണിതം, കലാകായിക പ്രവൃത്തി, പ്രവർത്തിപരിചയം എന്നി മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി പരിപാടികൾ സംഘടിപ്പിക്കുക. വിദ്യാഭ്യാസവകുപ്പ്, എസ്.എസ്.എ., നഗരസഭ, സഹകരണ സംഘങ്ങൾ സന്നദ്ധസംഘടനകൾ, പി.റ്റി.എ., പൊതുജനങ്ങൾ എന്നിവയുടെ സഹായസഹകരണങ്ങൾ ഉറപ്പാക്കി പരിപാടി നടത്തുക. (ഹ്രസ്വകാല പദ്ധതി)

ചുമതല - എസ്.ആർ.ജി. / പി.റ്റി.എ.

n) **പ്രഭാത ഭക്ഷണം**

മേഖല : അക്കാദമികം

നഗരസഭയുടെ വാർഷിക പദ്ധതിയിൽപ്പെടുത്തി പ്രീ പ്രൈമറി മുതൽ നാലാം

ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകുക (ദീർഘകാല പദ്ധതി)

ചുമതല : നഗരസഭ

o) **സ്മാർട്ട് ക്ലാസ് റൂമുകൾ**

ബെഞ്ചുകളും, ഡെസ്ക്കുകളും ഉൾപ്പെടെയുള്ള ആകർഷികമായ പഠനോപകരണങ്ങൾ, ഫോൾഡിംഗ് സ്ക്രീനുകൾ ഉപയോഗപ്പെടുത്തി ക്ലാസ് മുറി തിരിക്കൽ, ടെലിവിഷൻ, ക്ലാസ് അലമാര ഇങ്ങനെ ഇവിടെ എത്തിച്ചേരുന്ന ഓരോ കുഞ്ഞുങ്ങൾക്കും ഗുണമേന്മ, വിദ്യാഭ്യാസം അവരുടെ അവകാശമെന്ന നിലയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം നേടുക.

ചുമതല : പി.റ്റി.എ, നഗരസഭ

മേഖല : ഭൗതികം കാലാവധി : ഒരു വർഷം

ആകർഷകമായ വിധത്തിൽ സ്കൂളിന്റെ കവാടം, പടിപ്പുര എന്നിവ സജ്ജമാക്കൽ

ചുമതല : നഗരസഭ

p) **കിഡ്സ് പാക്ക്**

മേഖല : ഭൗതികം കാലാവധി : രണ്ടു വർഷം

സ്കൂൾ കെട്ടിടത്തിന് മുന്നിൽ കിഡ്സ് പാർക്ക് ഒരുക്കൽ

ചുമതല : നഗരസഭ

സാമ്പത്തിക വിശകലനം - പത്തുലക്ഷം (എം.എൽ.എ. ഫണ്ട്)

q) **അങ്കണവാടി സംഗമം**

മേഖല : സാമൂഹികം

പരിസരത്തുള്ള അങ്കണവാടി കുട്ടികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിവരെ ചേർത്ത് മേള, കുട്ടികളുടെ കലോത്സവം, സ്നേഹവിരുന്ന് വർഷത്തിൽ ഒരിക്കൽ.

ചുമതല : പി.റ്റി.എ.

r) **പൂർവ്വ അദ്ധ്യാപക - വിദ്യാർത്ഥി സംഗമങ്ങൾ**

മേഖല : സാമൂഹികം

സംഗമം, പ്രവർത്തന പദ്ധതികൾ, ആലോചിച്ച് നടപ്പിലാക്കൽ, ഫണ്ട് ശേഖരണം, സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ,

ചുമതല : പി.റ്റി.എ., എസ്.എം.സി.

s) **ജനറേറ്റർ സ്ഥാപിക്കൽ**

മേഖല : ഭൗതികം

സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമില്ലാതെയിരിക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ

ചുമതല : പി.റ്റി.എ., നഗരസഭ

t) **കുടിവെള്ളവിതരണം**

കാലപ്പഴക്കം ഉള്ളതിനാൽ നിലിവിലുള്ള പൈപ്പുകളുടെ പുനഃസ്ഥാപനം

മേഖല : ഭൗതികം

ശുദ്ധജലവിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കുകളിലും എത്തുന്നതിനുള്ള ക്രമീകരണം. ടാങ്കിൽ നിന്നും ടോയ്ലറ്റ്, വാഷ്ടബ് എന്നിവയിലേയ്ക്ക് പുതിയ പൈപ്പ് സ്ഥാപിക്കൽ

ചുമതല : പി.റ്റി.എ., നഗരസഭ

u) **കളിസ്ഥലം**

കോമ്പൗണ്ട് നിരപ്പാക്കി കളിസ്ഥലം സജ്ജമാക്കൽ, കാലാവധി - ഒരു വർഷം

ചുമതല : നഗരസഭ

v) **കലാപഠനക്കളരി**

മേഖല - അക്കാദമികം ഉപമേഖല : കലാ വിദ്യാഭ്യാസം

നൃത്തം, സംഗീതം, ചിത്രരചന, നാടകം എന്നീ കലകളുടെ പരിശീലന കളരി ശനി, അവധി ദിവസങ്ങൾ, ഓണം, ക്രിസ്മസ് അവധിദിവസങ്ങൾ, മധ്യവേനൽ അവധിക്കാലങ്ങളിൽ വിവിധ കലകളിൽ പരിശീലനം.

ചുമതല : എസ്.ആർ.ജി / വിദ്യാരംഗം

w) **ബുള്ളറ്റിൻ ബോർഡ്**

മേഖല - അക്കാദമികം ഉപമേഖല : സാമൂഹ്യശാസ്ത്രം

ബുള്ളറ്റിൻ ബോർഡിൽ എല്ലാദിവസവും വാർത്തകൾ പ്രദർശിപ്പിക്കൽ.

ചുമതല : സാമൂഹ്യശാസ്ത്ര ക്ലബ്ബ്

x) **കായിക പരിശീലനം**

മേഖല - അക്കാദമികം ഉപമേഖല : കായിക വിദ്യാഭ്യാസം

രാവിലെയും വൈകുന്നേരവും അവധി ദിവസങ്ങളിലും കുട്ടികൾക്ക് കായിക പരിശീലനവും ലഘുഭക്ഷണവും ആഴ്ചയിൽ 3 ദിവസം

ചുമതല : പി.റ്റി.എ

y) **മെഡിക്കൽ ക്യാമ്പ്**

മേഖല - അക്കാദമികം ഉപമേഖല : കായിക വിദ്യാഭ്യാസം

വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും, രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ

ചുമതല : പി.റ്റി.എ.

z) **പച്ചക്കറിത്തോട്ടം, ഫലവൃക്ഷത്തോട്ടം**

മേഖല - അക്കാദമികം ഉപമേഖല : പരിസരപഠനം

വിദ്യാലയത്തിന്റെ പിൻവശത്തായി പച്ചക്കറിത്തോട്ടം, ഫലവൃക്ഷത്തോട്ടം ഉണ്ടാക്കൽ

ചുമതല : എസ്.ആർ.ജി / പി.റ്റി.എ.

z 1) **ജന്മദിനാഘോഷം**

മേഖല - അക്കാദമികം

ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേയ്ക്ക് സംഭാവന ചെയ്യുന്നു. കൂടാതെ ഒരു പൂച്ചെടി / പച്ച ക്കറിച്ചെടി / ഔഷധച്ചെടി സ്കൂൾ കോമ്പൗണ്ടിൽ നടുന്നു.

ചുമതല : ക്ലാസ് ടീച്ചർ, ക്ലാസ് ലീഡർ

z 2) **സർഗസല്ലാപം**

മേഖല - അക്കാദമികം ഉപമേഖല : മാതൃഭാഷാപഠനം

പ്രാദേശികമായി ലഭ്യമാക്കുന്ന എഴുത്തുക്കാരെ സ്കൂളിൽ എത്തിക്കൽ. അവരുടെ വായന / എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ - വർഷത്തിൽ ഒരു പ്രാവശ്യം

ചുമതല : എസ്.ആർ.ജി.

z 3) **ഭാവാത്മിക വായന: റീഡേഴ്സ് തീയേറ്റർ**

മേഖല : അക്കാദമികം ഉപമേഖല : മാതൃഭാഷാപഠനം

പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യം / ചെറുകഥകൾ എന്നിവയുടെ നാട കാവിഷ്ക്കരണം, ബാലസഭ - അവതരണം

ചുമതല - വിദ്യാരംഗം

**Z 4) ശാസ്ത്രയാത്രകൾ**

മേഖല : അക്കാദമികം      വിഷയം : ശാസ്ത്രം

ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ, യാത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ.

എല്ലാവർഷവും ഒരു യാത്ര

ചുമതല - സയൻസ് ക്ലബ്ബ്

**Z 5) സാമൂഹ്യശാസ്ത്രലാബ്**

മേഖല : അക്കാദമികം      ഉപമേഖല : സാമൂഹ്യശാസ്ത്രം

വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ

ചുമതല - സാമൂഹ്യശാസ്ത്ര ക്ലബ്ബ്

**Z 6) ഇംഗ്ലീഷ് അസംബ്ലി**

മേഖല : അക്കാദമികം      ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

ആഴ്ചയിൽ ഒരു ദിവസം പരിപാടികൾ മുഴുവൻ ഇംഗ്ലീഷിൽ. ക്ലാസ് അദ്ധ്യാപകയുടെ സന്ദേശം ഇംഗ്ലീഷിൽ. ഓരോ ആഴ്ചയിലും ചുമതല വിവിധ ക്ലാസുകൾക്ക് (ക്ലാസ് ടീച്ചർ, ക്ലാസ് ലീഡർ)

**Z 7) പസിലുകൾ**

ഗണിത പഠനത്തിന്റെ ഭാഗമായി പസിലുകൾപരിചയപ്പെടുത്തുന്നു. പസിലുകളുടെ ശേഖരണം നടത്തുന്നു.

ചുമതല - ക്ലാസ് തലം, എസ്.ആർജ.ി

**Z 8) ഇംഗ്ലീഷ് തീയേറ്റർ**

മേഖല : അക്കാദമികം      ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ഇംഗ്ലീഷ് പാഠഭാഗങ്ങൾ സ്കിറ്റ്, കോൺവർസേഷൻ, ഡ്രാമാ എന്നീ വ്യവഹാര രൂപങ്ങളിലേയ്ക്ക് മാറ്റി സദസ്സിൽ അവതരിപ്പിക്കാൽ-പ്രതിമാസ പരിപാടി.

ചുമതല - ക്ലാസ്സ് ടീച്ചർ, ക്ലാസ്സ് ലീഡർ

**Z 9) പദപ്രശ്ന നിർമ്മാണം**

മേഖല : അക്കാദമികം      ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

പദപ്രശ്ന നിർമ്മാണം, ഉത്തരം കണ്ടെത്തൽ മത്സരം, വിജയികൾക്ക് സമ്മാനം. പ്രതിമാസ പരിപാടി.

ചുമതല -ഇംഗ്ലീഷ് ക്ലബ്ബ്

സാമ്പത്തിക വിശകലനം - 1,000 /- (പി.റ്റി.എ)

Z 10) **ഇംഗ്ലീഷ് കോർണർ**

മേഖല : അക്കാദമികം ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരിക്കൽ. ഇംഗ്ലീഷ് വാർത്താ ബോർഡ് സ്ഥാപിക്കൽ ഇംഗ്ലീഷ് ഡയറി, മാഗസിൻ, ഇംഗ്ലീഷ് ഫെസ്റ്റ്, റീഡിംഗ് കോമ്പറ്റീഷൻ എന്നിവ നടത്തുക.

ചുമതല - ഇംഗ്ലീഷ് ക്ലബ്ബ്.

Z 11) **വായന തന്നെ ലഹരി**

ഓരോ ക്ലാസിന്റെയും നിലവാരത്തിനനുയോജ്യമായ കുട്ടികൾ തയ്യാറാക്കുന്ന അവരുടെ സ്വന്തം വായന സാമഗ്രികളുടെ നിർമ്മാണം.

Z 12) **സുംബ പരിശീലനം**

കുട്ടികൾക്ക് സുംബ, ലഘു വ്യായാമങ്ങൾ ഉൾപ്പെടുന്ന കായിക പരിശീലനം നല്കുക.

## കുട്ടികളുടെ വിവരങ്ങൾ

| | ആൺ | പെൺ | ആകെ |
|---|---|---|---|
| Std - I | 2 | 1 | 3 |
| Std - II | 3 | 3 | 6 |
| Std - III | 4 | 3 | 7 |
| Std - IV | 3 | 2 | 5 |
| Pre-Primary | 6 | 2 | 8 |

## പ്രത്യേക പരിഗണനയർഹിക്കുന്നവർ

| Std | Category | M/F | Total |
|---|---|---|---|
| I | Nil | | |
| II | Nil | | |
| III | L.D. C.P. | 2 M | 2 |
| IV | Mild C.P. | 1 F | 1 |

# അനുബന്ധം - 4

## ദിനാചരണകലണ്ടർ

| | | |
|---|---|---|
| ജൂൺ 1 | - | പ്രവേശനോത്സവം |
| ജൂൺ 5 | - | ലോകപരിസ്ഥിതി ദിനം, മഴക്കൊയ്ത്തുത്സവം |
| ജൂൺ 8 | - | ലോക സമുദ്രദിനം |
| ജൂൺ 12 | - | ലോക ബാലവേലവിരുദ്ധദിനം |
| ജൂൺ 14 | - | ലോക രക്തദാനദിനം |
| ജൂൺ 19 | - | വായനദിനം |
| ജൂൺ 26 | - | ലോക മയക്കുമരുന്ന് വിരുദ്ധദിനം |
| ജൂലൈ 1 | - | വനമഹോത്സവദിനം |
| ജൂലൈ 11 | - | ലോകജനസംഖ്യാദിനം |
| ജൂലൈ 27 | - | ശാസ്ത്രദിനം (അബ്ദുൾ കലാം ചരമദിനം) |
| ജൂലൈ 28 | - | ലോക പ്രകൃതി സംരക്ഷണദിനം |
| ഓഗസ്റ്റ് 6 | - | ഹിരോഷിമദിനം |
| ഓഗസ്റ്റ് 9 | - | നാഗസാക്കിദിനം, ക്വിറ്റിന്ത്യാ ദിനം |
| ഓഗസ്റ്റ് 12 | - | ലോകയുവജനദിനം |
| ഓഗസ്റ്റ് 15 | - | സ്വാതന്ത്ര്യദിനം |
| ഓഗസ്റ്റ് 17 (ചിങ്ങം- 1) | - | കർഷകദിനം |
| ഓഗസ്റ്റ് 20 | - | ദേശീയ സദ്ഭാവനാദിനം |
| ഓഗസ്റ്റ് 25 തിരുവോണം | - | ചിങ്ങമാസത്തിലെ തിരുവോണനാൾ |
| സെപ്റ്റംബർ 3 | - | യുദ്ധവിരുദ്ധദിനം |
| സെപ്റ്റംബർ 5 | - | അദ്ധ്യാപകദിനം |
| സെപ്റ്റംബർ 8 | - | ലോക സാക്ഷരതാദിനം |
| സെപ്റ്റംബർ 14 | - | ദേശീയ ഹിന്ദിദിനം |
| സെപ്റ്റംബർ 21 | - | ശ്രീനാരായണഗുരുസമാധി<br>ലോക സമാധാനദിനം |
| സെപ്റ്റംബർ 26 | - | ലോക ബധിരദിനം |
| സെപ്റ്റംബർ 28 | - | വിവരാവകാശദിനം, ലോകവൃദ്ധദിനം |
| ഒക്ടോബർ 2 | - | ഗാന്ധിജയന്തി, ലാൽ ബഹദൂർ ശാസ്ത്രി ജന്മദിനം, അഹിംസാദിനം, ലോകശുചീകരണദിനം |
| ഒക്ടോബർ 5 | - | അന്തർദേശീയ അദ്ധ്യാപകദിനം |
| ഒക്ടോബർ 12 | - | ലോക കാഴ്ചദിനം |
| ഒക്ടോബർ 13 | - | സംസ്ഥാനകായികദിനം |

| | | |
|---|---|---|
| ഒക്ടോബർ 15 | - | ലോക വിദ്യാർത്ഥിദിനം |
| | | എ.പി.ജെ അബ്ദുൾ കലാം ജന്മദിനം |
| ഒക്ടോബർ 24 | - | ഐക്യരാഷ്ട്രദിനം |
| നവംബർ 1 | - | കേരളപ്പിറവി ദിനം |
| നവംബർ 7 | - | സി.വി.രാമൻദിനം |
| നവംബർ 11 | - | ദേശീയ വിദ്യാഭ്യാസദിനം |
| നവംബർ 14 | - | ദേശീയ ശുശുദിനം, ലോകപ്രമേഹദിനം |
| നവംബർ 19 | - | ദേശീയോദ്ഗ്രഥനദിനം |
| നവംബർ 20 | - | സാർവ്വദേശീയശിശുദിനം, സൗഹൃദദിനം |
| ഡിസംബർ 1 | - | ലോക എയ്ഡ്സ് ദിനം |
| ഡിസംബർ 3 | - | ലോക ഭിന്നശേഷിദിനം |
| ഡിസംബർ 10 | - | മനുഷ്യാവകാശദിനം |
| ഡിസംബർ 14 | - | ദേശീയ ഊർജ്ജസംരക്ഷണദിനം |
| ഡിസംബർ 25 | - | ക്രിസ്തുമസ് |
| ജനുവരി 1 | - | പുതുവത്സരദിനം |
| ജനുവരി 2 | - | മന്നംജയന്തി |
| ജനുവരി 10 | - | ലോക ഹിന്ദിദിനം |
| ജനുവരി 12 | - | ദേശീയ യുവജനദിനം |
| ജനുവരി 20 | - | റിപ്പബ്ലിക് ദിനം |
| ജനുവരി 30 | - | രക്തസാക്ഷിദിനം |
| ഫെബ്രുവരി 21 | - | അന്തർദേശീയ മാതൃഭാഷാദിനം |
| ഫെബ്രുവരി 22 | - | ലോക സ്കൗട്ട്സ് ദിനം |
| ഫെബ്രുവരി 28 | - | ദേശീയ ശാസ്ത്രദിനം |
| മാർച്ച് 8 | - | വനിതാദിനം |
| മാർച്ച് 15 | - | ലോക ഉപഭോക്തൃദിനം |
| മാർച്ച് 21 | - | ലോക വനവൽക്കരണദിനം |
| മാർച്ച് 22 | - | ലോകജലദിനം |
| ഏപ്രിൽ 7 | - | ലോക ആരോഗ്യദിനം |
| ഏപ്രിൽ 14 | - | അംബേദ്കർ ജയന്തി |
| മെയ് 1 | - | മെയ്ദിനം, ലോകതൊഴിലാളിദിനം |
| മെയ് 13 | - | ലോക കർഷകദിനം |
| മെയ് 17 | - | ലോക വാർത്താ വിനിമയദിനം |
| മെയ് 21 | - | ഭീകരവിരുദ്ധദിനം |
| മെയ് 31 | - | ലോക പുകയില വിരുദ്ധദിനം |
| വായനാവാരം | - | ജൂൺ 19 മുതൽ ഒരാഴ്ച |
| ശുചീകരണവാരം | - | ഒക്ടോബർ 2 മുതൽ ഒരാഴ്ച |
| ഭിന്നശേഷി വാരാചരണം | - | ഡിസംബർ 1 മുതൽ ഒരാഴ്ച |

## അക്കാദമിക പ്രവർത്തനങ്ങൾ

ഭാഷാ വികാസം

മാതൃഭാഷ

ലക്ഷ്യങ്ങൾ (സാധ്യമായത്)

- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്ന എന്നും ഉറപ്പാക്കുക.
- എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിലും അനുയോജ്യമാംവിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷിനേടി എന്നുറപ്പാക്കുക.
- കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികാസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

### പ്രവർത്തനങ്ങൾ

ഹ്രസ്വകാലം - ഉദാഹരണം

1. അർത്ഥപൂർണ്ണമായ വായന
   പത്രവായനയും വിശകലനവും ആഴ്ചപ്പതിപ്പുകൾ / മാസികകൾ, വായനയും വിശകലനവും (പ്രതിദിനം ക്ലാസ്സുകളിൽ ഗ്രൂപ്പായി വായന - വാർത്തകളോടുള്ള പ്രതികരണങ്ങൾ ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിക്കൽ, ലൈബ്രറി പുസ്തകങ്ങൾ വായിക്കൽ, പുസ്തക കുറിപ്പ് തയ്യാറാക്കൽ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ വായന, ചർച്ച.
   വായനക്കൂട്ടം രൂപീകരിക്കൽ
2. പതിപ്പുകൾ തയ്യാറാക്കൽ
3. കുട്ടികളുടെ രംഗവേദികൾ

മധ്യമകാലം - ഉദാഹരണം

1. ശാസ്ത്രം - ശേഖരണങ്ങൾ, അസൈൻമെന്റ്സ്
2. സാമൂഹിക ശാസ്ത്രം - ശേഖരണം, ആൽബം
3. ഗണിതം - ശേഖരണം
4. ഐ.സി.റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ - ആലപിച്ച കവിതകൾ
5. ആരോഗ്യ കായിക വിദ്യാഭ്യാസം - കായിക പരിശീലനം, യോഗ

ദീർഘകാലം - ഉദാഹരണം

1. ശാസ്ത്രം - പ്രോജക്ടുകൾ, വളരുന്ന ശേഖരണ പുസ്തകം
2. സാമൂഹിക ശാസ്ത്രം - ശേഖരണം - നാണയം, സ്റ്റാമ്പ്, പതാക, ആൽബങ്ങൾ
3. ഗണിതം - വളരുന്ന ശേഖരണം - നാണയങ്ങൾ, കറൻസികൾ, അളവുപകരണങ്ങൾ, ക്ലോക്കുകൾ, വാച്ചുകൾ
4. കണക്കുപ്പെട്ടി

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറുപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥ - ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | 2 Months | പുസ്തകങ്ങൾ<br>പ്രോജക്ടർ & കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>PTA |
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി രൂപീകരിക്കൽ<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. അമ്മവായന | 6 Months | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA |

| Sl. No. | Programme | Activity | Duration | ഭൗതികം | പിന്തുണ |
| --- | --- | --- | --- | --- | --- |
| | | 7. വായനാനുഭവം പങ്കുവയ്ക്കൽ<br>8. വായനാക്കുറിപ്പ്, പതിപ്പ്<br>9. വിദ്യാരംഭം, കലാസാഹിത്യവേദി പ്രവർത്തനം, ക്ലാസ്സ് സഭ<br>10. സ്കൂൾ സഭ, ബാലസഭ<br>11. ദിനാചരണങ്ങൾ<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>14. ഇ-വായന<br>15. പുസ്തകം ഒരുക്കൽ | 6Months | ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായനാമുറി<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. വായനാക്കുറിപ്പ് പതിപ്പ്<br>2. ബാലസഭ<br>3. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>4. വ്യക്തിഗതരചന, സംഘരചന | 6 Months | ലൈബ്രറി<br>പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>PTA |

**മലയാളം**

1 മുതൽ 4 വരെ ക്ലാസ്സുകളിലെ മലയാളം പാഠപുസ്തകൾ, ടീച്ചർ ടെസ്റ്റുകൾ എന്നിവയിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങളോടൊപ്പം മികച്ച നിലവാരം പുലർത്തുന്നവർക്കായി അധിക പ്രവർത്തനങ്ങളും പിന്നോക്കം നിൽക്കുന്ന വർക്കായി ലഘു പ്രവർത്തനങ്ങളും നൽകി എല്ലാവരെയും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യ മാക്കുന്നു.

ഇന്റർനെറ്റിൽ നിന്ന് ലഭിക്കുന്ന വിഭവങ്ങൾ എന്നിവ എല്ലാ ക്ലാസ്സുകളിലും ഉപയോഗിക്കുന്നു.

**ഇംഗ്ലീഷ്**

1 മുതൽ 4 വരെ ക്ലാസ്സുകാർക്കായി ടി.ബി., റ്റി.റ്റി എന്നിവയ്ക്കപ്പുറം, ഇന്റർനെ റ്റിൽ നിന്നും ലഭിക്കുന്ന വിഭവങ്ങൾ, കഥാചിത്രങ്ങൾ എന്നിവയുടെ സഹായ ത്താൽ ക്ലാസ് റൂമിൽ ഇംഗ്ലീഷ് അന്തരീക്ഷം രൂപപ്പെടുത്തി ഭാഷാപരമായ ശേഷികളിൽ മികച്ചവരാക്കുന്നു. റീഡേഴ്സ് തീയേറ്റർ, സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക. ഓഡിയോ - വിഷ്വൽ വിഭവങ്ങളുടെ ഉപയോഗം പിന്നോ ക്കക്കാരെയും മികവിലെത്തിക്കും. എസ്.ആർ.ജി. യാണ് ദീർഘകാലപദ്ധതി യുടെ നിർവ്വാഹകർ.

**ഗണിതം**

ഐ.സി.റ്റി. സാധ്യതകൾ ഗണിത ശാസ്ത്രബോധനത്തിൽ പരമാവധി ഉപ യോഗിക്കുന്നു. ഓഫ് ലൈൻ, ഓൺലൈൻ വിഭവങ്ങൾ ഇതിന് ഉപയോഗിക്കു ന്നു. CWSN കുട്ടികളെയും മികവിലേയ്ക്ക് നയിക്കാൻ ഐ.സി.റ്റി. വിഭവങ്ങൾ പര്യാപ്തമാണ്. ജ്യാമിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിദഗ്ധ രുടെ സേവനം ഉപയോഗപ്പെടുത്തി ശില്പശാലകൾ സംഘടിപ്പിക്കുന്നു. പസി ലുകൾ പരിചയപ്പെടുത്തുകയും ശേഖരണം നടത്തുകയും ചെയ്യുന്നു.

SRG, PTA / SMC എന്നിവരുടെ സഹകരണത്തിൽ ഈ മധ്യകാല പ്രവർത്തന ങ്ങൾ യാഥാർത്ഥ്യമാക്കുന്നു.

## ഗണിതലാബ്, ഗണിതമൂല

1. അളവുപാത്രങ്ങൾ - ലിറ്റർ, മി. ലിറ്റർ
2. അബാക്കസ്
3. ക്ലോക്ക് - പന്ത്രണ്ടുമണിക്കൂർ, 24 മണിക്കൂർ
4. തൂക്കകട്ടികൾ
5. സ്കെയിൽ (മീറ്റർ സ്കെയിൽ)
6. ടേപ്പ്
7. ത്രാസ്
8. സ്ഥാനവില പോക്കറ്റ്
9. ജ്യാമിതീയ രൂപങ്ങൾ
10. ചാർട്ടുകൾ (എണ്ണൽ സംഖ്യകൾ, അഖണ്ഡസംഖ്യകൾ, ഒറ്റസംഖ്യകൾ, ഇരട്ടസംഖ്യകൾ, 1 മുതൽ1 ലക്ഷം വരെ എഴുതിയ ചാർട്ട്
11. സങ്കലന വസ്തുതകൾ, ഗുണന വസ്തുതകൾ
12. കമ്പുകെട്ടുകൾ, മുത്തുകൾ, മഞ്ചാടി, വളകൾ, ചിത്രങ്ങൾ, ഈർക്കിൽ, തീപ്പെട്ടികമ്പുകൾ, മച്ചിങ്ങ, ബട്ടൻസ്, സ്ട്രോകൾ തുടങ്ങിയ വസ്തുക്കളടങ്ങിയ ഗണിത കിറ്റ്.
13. സംഖ്യാകാർഡുകൾ, പാറ്റേൺ എഴുതിയ സ്ട്രിപ്പ്, ക്രിയകൾ എഴുതിയ കാർഡുകൾ.
14. ഡൊമിനോ
15. പാമ്പും കോണിയും
16. മാന്ത്രികചതുരം
17. കളിനോട്ടുകൾ, നാണയങ്ങൾ
18. പല വലിപ്പത്തിലുള്ള ബോളുകൾ
19. കളിപ്പാട്ടങ്ങൾ
20. കലണ്ടർ
21. ടാൻഗ്രാം

ചുമതല - എസ്.ആർ.ജി - എസ്.എസ്.എ. (ടീച്ചർ ഗ്രാന്റ്, സ്കൂൾ ഗ്രാന്റ്) ഫണ്ടുകൾ ഉപയോഗിച്ച് ഗണിതമൂലയും ലാബും സജ്ജീകരിക്കുന്നു.

## പരിസരപഠനം

പ്രകൃതിയിലേക്കിറങ്ങി പ്രകൃതി / പരിസരപഠനം ജീവസ്സുറ്റതാക്കുന്നു. ജൈവ വൈവിധ്യ ഉദ്യാനരൂപീകരണ പ്രവർത്തനങ്ങൾ പാഠഭാഗത്തെ പ്രവർത്തനങ്ങളുമായി ചേർന്ന് യാഥാർത്ഥ്യമാക്കുന്നു. ഐ.സി.റ്റി. സാധ്യതകൾ (ഇന്റർനെറ്റ് വിഭവങ്ങൾ) പഠനപ്രവർത്തനങ്ങളിൽ പരമാവധി ഉപയോഗിക്കുന്നു.

പി.റ്റി.എ / എസ്.എം.സി, എസ്.എസ്.എ., നഗരസഭ എന്നിവയുടെ സഹകരണത്തിൽ എസ്.ആർ.ജിയുടെ ചുമതലയിൽ പ്രവർത്തനപരിപാടികൾ നടത്തുന്നു. സ്കൂൾ ക്യാമ്പസിനെ യഥാർത്ഥ പരിസരപഠനമാധ്യമമാക്കി മാറ്റുന്നു. പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ഔഷധസസ്യത്തോട്ടം, ശലഭത്തോട്ടം, പച്ചതുരുത്ത് വിപുലീകരിക്കുക, വൃക്ഷലതാദികൾ എന്നിവയെല്ലാം ചേർന്ന് ജൈവവൈവിധ്യ ഉദ്യാനം. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നു.

## ശാസ്ത്രലാബ്, ശാസ്ത്രമൂല
(പരിസരപഠനം)

1. ഗ്ലോബ്
2. മാപ്പുകൾ
3. വടക്കുനോക്കിയന്ത്രം
4. ടോർച്ച്
5. പന്ത്
6. മൃഗങ്ങൾ, പക്ഷികൾ, പൂക്കൾ, വാഹനങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ ചാർട്ട്
7. മുച്ചട്ടിയരിപ്പ
8. സൗരയൂഥത്തിന്റെ മാതൃക
9. ശാസ്ത്രമാസികകൾ
10. സ്പിരിറ്റ് ലാമ്പ്
11. മെഴുകുതിരി
12. ബലൂൺ
13. പക്ഷികളുടെ തൂവലുകൾ
14. വിത്തുകൾ
15. ഇല ആൽബം, സ്റ്റാമ്പ് ആൽബം, നാണയ ആൽബം
16. ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ
17. ചാർട്ടുകൾ
18. പ്രഥമ ശുശ്രൂഷാപെട്ടി

ചുമതല - എസ്.ആർ.ജി - എസ്.എസ്.കെ. ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നു.

## കലാകായിക പ്രവർത്തനങ്ങൾ (ദീർഘകാല പദ്ധതി)

'സർഗവേള' പീരിയഡുകൾ കലാപരമായ വാസനകൾ വികസിപ്പിക്കുന്നതിന് ഉപയുക്തമാക്കുന്നു. പ്രത്യേക പരിശീലനം നൽകി മുഴുവൻ കുട്ടികൾക്കും ഉപജില്ലാതല കലോത്സവത്തിൽ പങ്കെടുക്കുന്നതിന് അവസരമൊരുക്കുന്നു. ഓണം, ക്രിസ്തുമസ്, മധ്യവേനൽ അവധിക്കാലങ്ങളിൽ സംഘടിപ്പിക്കുന്ന സഹവാസക്യാമ്പുകളിൽ സംഗീതം, നാടകം, ചിത്രരചന എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

നിർവ്വഹണ ചുമതല - എസ്.ആർ.ജി., പി.റ്റി.എ.

എല്ലാ ദിവസത്തേയും കായികപരിശീലന പീരിയഡുകൾക്കപ്പുറം രാവിലെയും വൈകിട്ടും പ്രത്യേക പരിശീലനം. മികവു പുലർത്തുന്ന മുഴുവൻ കുട്ടികളെയും ഉപജില്ലാ മത്സരത്തിൽ പങ്കെടുപ്പിക്കുന്നു. സഹവാസക്യാമ്പുകളിൽ എല്ലാ ദിവസവും 1 മണിക്കൂർ കായികപരിശീലനത്തിന് ഉപയോഗിക്കുന്നു.

നിർവ്വഹണ ചുമതല - എസ്.ആർ.ജി., ഒ.എസ്.എ. നഗരസഭ

സാമ്പത്തികചെലവുകൾ - നഗരസഭ, എസ്.എസ്.എ., പി.റ്റി.എ. എന്നിവർ വഹിക്കുന്നു.

4-ാം ക്ലാസ്സ് കഴിഞ്ഞ് പുറത്തുപോകുന്ന മുഴുവൻ കുട്ടികളും കലാകായിക മേഖലകളിൽ മികവു പുലർത്തുന്നവരും ഉപജില്ലാതലം മുതൽ മുകളിലേയ്ക്കുള്ള മത്സരങ്ങളിൽ കഴിവു തെളിയിക്കുന്നവരുമാകണമെന്ന് ലക്ഷ്യം വയ്ക്കുന്നു.

പ്രവർത്തനങ്ങൾ എസ്.ആർ.ജി, പി.റ്റി.എ., ബി.ആർ.സി, എ.ഇ.ഒ. തലങ്ങളിൽ വിലയിരുത്തുന്നു.

## ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
## മികച്ച വായനക്കാരൻ, മികച്ച എഴുത്തുകാരൻ

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം
- അമ്മവായന
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- സ്കൂൾ ഗ്രന്ഥശാലാ അംഗത്വം
- ക്ലാസ്സ് സഭ, സ്കൂൾ സഭ, ബാല സഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- വായനാസാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട എഴുത്തിന്റെയും വായനയുടെയും സാധ്യത കണ്ടെത്തുക
- ഭാഷയുമായി ബന്ധപ്പെട്ട ഐ.സി.റ്റി. സാധ്യത എന്നിവ സജ്ജീകരിക്കൽ

**പ്രവർത്തനങ്ങൾ**

1. ഭാഷാപരമായ പിന്നോക്കാവസ്ഥയിലുള്ളവരെ കണ്ടെത്തൽ, പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തുന്നു.
2. **അക്ഷരം ഉറപ്പിക്കൽ**
   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
3. **അടയാളങ്ങൾ ഉറപ്പിക്കൽ**
   ചിത്രസഹായത്തിൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ
4. **അക്ഷരകാർഡ്, വാക്കുകൾ എഴുതിയ വാർഡ്**
   അക്ഷരവാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ
5. **ചിത്രം - അടിക്കുറിപ്പ്**
   ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ - അദ്ധ്യാപികയുടെ സഹായത്തോടെ എഴുതൽ.
6. **കഥ - ബാക്കി പറയൽ - എഴുതൽ**
   ഒരു കഥയുടെ കുറച്ചുഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു.

7. **കഥാപുതസരം നൽകൽ**

വായനാകുറിപ്പ് തയ്യാറാക്കൽ

8. **സി.ഡി. പ്രദർശനം**

ചിത്രങ്ങൾ അടങ്ങിയ സി.ഡി. പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം. എഴുതാനവസരം

9. **ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

ഭിന്നശേഷിക്കാർക്കായി പ്രത്യേക പാക്കേജ് സ്പെഷ്യൽ എജ്യൂക്കേറ്ററുടെ സേവനം.

10. **ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ**

ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ഒറ്റഗ്രൂപ്പ് ആക്കുന്നു.

11. **ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ - തീമാറ്റിക് ലൈബ്രറി**

കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ്സ് ലൈബ്രറി സജ്ജീകരണം.

12. **സ്കൂൾ ലൈബ്രറി നവീകരണം**

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തകവിതരണ രജിസ്റ്റർ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത് ഡേ പുസ്തകശേഖരണം.

13. **വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെ കൂട്ടായ്മ. യോഗം സംഘടിപ്പിക്കൽ. യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അദ്ധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ.

14. **പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ - വായന - എഴുത്ത് - പത്രം തയ്യാരാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

15. **അമ്മവായന**

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം -വായനാമുറി- വായനാക്കുറിപ്പ് തയ്യാറാക്കൽ-മികച്ച കുറിപ്പ് കണ്ടെത്തൽ-പ്രോത്സാഹനം.

16. **വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

17. **വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് മെച്ചപ്പെടുത്താൽ വേണ്ട പ്രവർത്തനങ്ങൾ, ആസൂത്രണം, പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ.

**18. ക്ലാസ്സ്, സ്കൂൾ ബാലസഭകൾ**

ഓരോ ക്ലാസ്സിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം, വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ, പൊതുജനപങ്കാളിത്തം.

**19. ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

**20. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ക്ലാസ്സ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

**21. വായനാസാമഗ്രികൾ വികസിപ്പിക്കൽ**

വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അദ്ധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ ബൈൻഡ് ചെയ്ത് ഉപയോഗിക്കൽ.

**22. ഇ-വായന സാധ്യത കണ്ടെത്തൽ**

വിക്കീപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, ഇ പേപ്പറുകൾ പരിചയപ്പെടുത്തൽ, വിവിധ കൃതികൾ, കവിത എന്നിവയുടെ വീഡിയോ കാണൽ.

**23. വായനാക്കൂട്ടം - മോണിറ്ററിംഗ്**

അദ്ധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ, ബി.ആർ.സി, ഡി.ഐ.ഇ.റ്റി, അദ്ധ്യാപകർ, മറ്റ് സ്കൂളിലെ അദ്ധ്യാപകർ എന്നിവരുടെ സേവനം.

**24. എഴുത്തുകൂട്ട രൂപീകരണം**

കുട്ടികളെ എഴുത്തുകൂട്ടങ്ങളാക്കുന്നു. വ്യക്തിഗതരചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യവിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

**25. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം**

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അദ്ധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

**26. ഇൻലന്റ്, മാഗസിൻ, ചുമർ പത്രിക, പതിപ്പ്**

സർഗ്ഗശേഷി പരിപോഷിപ്പിക്കാൻ ക്ലാസ്സ് തലത്തിൽ ഇൻലന്റ്, മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം

**27. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ**

പാഠപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയാറാക്കൽ. പതിപ്പ് പ്രകാശനം.

**28. പൊതു വേദിയിലെ പ്രകടനങ്ങൾ**

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗ വേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം, യോഗങ്ങൾ സംഘടിപ്പിക്കൽ.

**29. വ്യക്തഗതരചന, സംഘരചന**

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ .

**30. ഭാഷാപ്രൊജക്ടുകൾ**

ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനയ്ക്കുമായി ഭാഷയുടെ വിവിധ പ്രൊജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

**31. രചയിതാക്കളെ പരിചയപ്പെടൽ**

അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ സംഭാവന, സവിശേഷത. ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദശിപ്പിക്കൽ, പരിചയപ്പെടുത്തൽ, കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ് രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ - ബഷീർ, ആഗസ്റ്റ്-എസ്.കെ. പൊറ്റക്കാട്.

**32. ഭിന്നശേഷിക്കാർക്കയുള്ള പ്രവർത്തനങ്ങൾ**

ബി.ആർ.സി, സ്പെഷ്യൽ എജ്യൂക്കേറ്റർ എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർതത്തനം ആസൂത്രണം, നടപ്പിലാക്കൽ പ്രോത്സാഹനം, പ്രഗത്ഭരുടെ സേവനം.

**33. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി**

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹദ്വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, ആസ്വാധനക്കുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

# ഉപസംഹാരം

2025 –26 അക്കാദമിക വർഷത്തിൽ കേരളത്തിൽ പൊതുവിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്രഗുണമേന്മാ വിദ്യാഭ്യാസം.

109 വർഷത്തെ പഴക്കമുള്ള അരുണാപുരം ഗവ.എൽ.പി സ്കൂൾ കിതപ്പിൽ നിന്നും കുതിപ്പിലേയ്ക്ക് വഴിമാറാൻ ലക്ഷ്യമിട്ടുള്ള കാര്യങ്ങളാണ് ഈ മാസ്റ്റർ പ്ലാനിലുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിനൊപ്പം പാലാ നഗരസഭ, സ്കൂൾ പി.റ്റി.എ, എസ്. എം.സി, പൂർവ്വവിദ്യാർത്ഥി സംഘടന, പൂർവ്വ അദ്ധ്യാപകർ, നാട്ടുകർ, സഹകരണസ്ഥാപനങ്ങൾ, എസ്. എസ്. കെ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെല്ലാം കൈകോർത്ത് ഒരേ ലക്ഷ്യത്തിനായി മുന്നേറുമ്പോൾ സ്വപ്നങ്ങൾ യാതാർത്ഥ്യങ്ങളാ വുമെന്ന് പ്രത്യാശിക്കാം. വരും നാളുകൾ വളർച്ചയുടെയും മികവിന്റേതുമാവട്ടെ.

ബിന്ദു സൂസൻ ജേക്കബ്

(ഹെഡ്മിസ്ട്രസ്)

അരുണാപുരം

15.06.2025